FRIDAY 10.11.2023 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR　　Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 10/11/2023

1. **ക്രിസ്തുമസ് ആഘോഷത്തിന് മാറ്റുകൂട്ടാനായി "ക്രിസ്മസ് ട്രീ" പദ്ധതിയുമായി കൃഷി വകുപ്പ്;** ഇത്തവണ മുതൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷങ്ങള്ക്ക് മോടി കൂട്ടുന്നതിനായി ക്രിസ്മസ് ട്രീ വിതരണം എന്ന ഒരു പദ്ധതി കൂടി വകുപ്പ് നടപ്പിലാക്കുന്നു. സംസ്ഥാനത്തെ 9 ജില്ലകളിലെ 31 ഫാമുകളിലായി 4866 ക്രിസ്തുമസ് ട്രീ തൈകൾ വിതരണത്തിനായി സജ്ജമാക്കിയിട്ടുണ്ട്. തൂജ, ഗോൾഡൻസൈപ്രസ്, അരക്കേറിയ എന്നീ ഇനങ്ങളിലെ തൈകളാണ് ക്രിസ്തുമസിനോടനുബന്ധിച്ചു വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത് 2 മുതൽ 3 അടി വരെ ഉയരമുള്ള തൈകൾ മൺചട്ടിയിലാണ് വളർത്തിയിരിക്കുന്നത്. ലഭ്യമാക്കുന്ന ക്രിസ്മസ്സ് ട്രീകൾ തൂജ തൈകൾ 2 അടി വരെ ഉള്ളത് 200 രൂപ തൂജ തൈകൾ 2 അടിക്കു മുകളിൽ ഉയരം ഉള്ളത് 225 രൂപ, ഗോൾഡൻ സൈപ്രസ് 2 അടി വരെ ഉള്ളത് 250 രൂപ, ഗോൾഡൻ സൈപ്രസ് 2 അടിക്കു മുകളിൽ ഉയരം ഉള്ളത് 300 രൂപ, അരക്കേറിയ 2 തട്ട് വരെ ഉള്ളത് 300 രൂപ, അരക്കേറിയ 2 തട്ടിനു മുകളിൽ 400 രൂപയുമാണ് വില.

2. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സംഘടിത സംവിധാനം എന്ന രീതിയിൽ ജൈവ കാർഷിക മിഷൻ രൂപീകരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ഉന്നതയോഗ തീരുമാനങ്ങൾക്ക് വിധേയമായി മിഷന്റെ പ്രവർത്തനം സംബന്ധിച്ച കരട് തയ്യാറാക്കി മാർഗ്ഗ രേഖ തയ്യാറാക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ "ജൈവ കാർഷിക മിഷൻ" രൂപികൃതമായിരിക്കുകയാണ്. കൃഷിയെ മാത്രം ആശ്രയിച്ചുള്ള ഉപജീവനമാർഗ്ഗം സ്വീകരിക്കുന്ന കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കി സാമ്പത്തിക ഭദ്രത നേടിയെടുക്കുവാനും ഇതിനായി കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യ കൃഷി, തേനീച്ച കൃഷി. കൂൺ കൃഷി തുടങ്ങിയ കാർഷിക മേഖലകളെ പരസ്പരപൂരകങ്ങളായി ഏകോപിപ്പിച്ചുകൊണ്ടു സ്ത്രീകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, പ്രവാസികൾ എന്നിവരുടെ കൂട്ടായ്മയിൽ കൂടിയും, സാമൂഹിക സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചു വരുന്നവർ, സന്നദ്ധസംഘടനകൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും ലക്ഷ്യം കൈവരിക്കാനാണ് ജൈവ കാർഷിക മിഷൻ ഉദ്ദേശിക്കുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. തിരുവനന്തപുരം ജില്ലയിൽ 2022-23 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ, തെരുവിൽ പാർക്കുന്നതും അനാഥരുമായ പക്ഷിമൃഗാദികളുടെ ഭക്ഷണം, പാർപ്പിടം, പരിചരണം ശുശ്രൂഷ തുടങ്ങിയ മേഖലയിലുള്ള മികച്ച പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്ടേർഡ് സംഘടനകൾ എന്നവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2023 നവംബർ മാസം 20-ാം തീയതിക്കകം തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റ്ററുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

4. കാർഷിക സർവകലാശാല ആരംഭിച്ച പുതിയ വിവിധ സർട്ടിഫിക്കറ്റ്, പി എച് ഡി, പി.ജി പി.ജി ഡിപ്ലോമ,ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയ്യതി 25.11.2023 വരെ നീട്ടി. അപേക്ഷകർ https://kau.in/new-generation-certificate-courses, http://admnewpgm.kau.in/ എന്നീ ലിങ്കുകളിലൂടെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

5. കോട്ടയം ജില്ലയിൽ വൈക്കം കാഞ്ഞിരപ്പള്ളി ബ്ലോക്കുകളിൽ സർക്കാർ നിശ്ചയിച്ച ഫീസ് നിരക്കിൽ ഉച്ചയ്ക്ക് ഒരുമണി മുതൽ രാത്രി 8 മണി വരെ വാതിൽപ്പടി മൃഗചികിത്സലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ടോൾ ഫ്രീ നമ്പർ 1962 രാവിലെ 10 ണിമുതൽവിളിക്കാവുന്നതാണ്.

6. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ മാസം 13 ന് കാടവളർത്തൽ, 20, 21 തീയതികളിൽ ആടുവളർത്തൽ, 28 ന് പോത്തുകുട്ടി പരിശിലനം എന്നീ വിഷയങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ പരിശീലനം നടത്തുന്നു. താല്പര്യമുള്ളവർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188522711, 0469-2965535

7. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി ശാസ്ത്രീയ പശുപരിപാലനം' എന്ന വിഷയത്ത ആസ്പദമാക്കി 13/11/2023 മുതൽ 17/11/2023 വരെ 5 ദിവസത്തെ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ മാസം 14, 15 തീയതികളിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ താല്പര്യമുള്ള കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ ഈ മാസം 13ന് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04972-763473

9. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് നവംബർ 28 മുതൽ 30 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം